**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4578** **01-07-2024 - ൽ മറുപടിയ്ക്ക്**

**കാറഡുക്ക അഗ്രികൾച്ചറിസ്റ്റ് സഹകരണ സംഘം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് കാറഡുക്ക അഗ്രികൾച്ചറിസ്റ്റ് സഹകരണ സംഘം സ്ഥാപിതമായത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ; | (എ) | 27-03-2007 ലാണ് സംഘം സ്ഥാപിതമായത്. |
| (ബി) | നിലവിൽ ഈ സംഘത്തിൽ ഓഹരിയായും നിക്ഷേപമായും എത്ര തുകയുണ്ട്; പ്രസ്തുത സംഘത്തിലെ നിലവിലെ സ്വർണ്ണപ്പണയ വായ്പയുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംഘത്തിന്റെ 31-03-2024 ലെ താൽക്കാലിക കടധന പട്ടിക പ്രകാരം നിക്ഷേപ ബാക്കി നിൽപ്പ്-10,23,44,345/- രൂപയും, ഓഹരി ബാക്കി നിൽപ്പ്-35,31,700/-രൂപയും , 881 സ്വർണ്ണപ്പണയ വായ്പകളിലായി 6,72,20,257/- രൂപയും ബാക്കി നില്പുണ്ട്. |
| (സി) | സമീപ കാലത്ത് ഈ സഹകരണ സംഘത്തിൽ തട്ടിപ്പ് നടന്നിരുന്നോയെന്നും ഇതുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും അറിയിക്കുമോ; എങ്കിൽ പ്രസ്തുത കേസിൽ എത്ര പ്രതികളുണ്ടെന്നുള്ളത് വ്യക്തമാക്കാമോ; | (സി) | സംഘത്തിൽ സഹകരണ വകുപ്പ് നടത്തിയ പരിശോധനയിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പോലീസ് അന്വേഷണം നടന്നു വരികയാണ്. |
| (ഡി) | പ്രതികൾ തട്ടിപ്പിന് സ്വീകരിച്ച മോഡസ് ഓപ്പറാന്റി എന്തായിരുന്നുവെന്ന് വിശദമാക്കുമോ; എത്ര രൂപയുടെ തട്ടിപ്പാണ് നടന്നതെന്നും പ്രതികളെ മുഴുവൻ പിടികൂടിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ഡി) | സംഘത്തിൽ നടന്ന ക്രമക്കേട് സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 65 പ്രകാരം വിശദമായ അന്വേഷണം നടന്നു വരികയാണ്. |
| (ഇ) | ഈ തട്ടിപ്പ് കാരണം ഇടപാടുകാർക്ക് ഉണ്ടായിട്ടുള്ളതും ഉണ്ടാകാൻ പോകുന്നതുമായ നഷ്ടം എത്രയാണെന്നും അത് എങ്ങനെ നികത്തുമെന്നും വ്യക്തമാക്കാമോ; | (ഇ) | സംഘത്തിൽ നടന്ന ക്രമക്കേട് സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 65 പ്രകാരം വിശദമായ അന്വേഷണം നടന്നു വരികയാണ്. |
| (എഫ്) | പ്രസ്തുത സഹകരണ സംഘം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | (എഫ്) | സംഘം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. |
| (ജി) | കാറഡുക്ക സഹകരണ സംഘം ഉൾപ്പെടെയുള്ള ജില്ലയിലെ മറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ പ്രസ്തുത കേസ് ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ജി) | ജില്ലയിലെ മറ്റ് സഹകരണസംഘങ്ങളുടെ പ്രവർത്തനത്തെ പ്രസ്തുത കേസ് ബാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ